മുദ്രകൾ

# ശൈഖ് അബ്ദുല്ലാ അൽ അഹ്മർ അന്തരിച്ചു



*ശൈഖ് അബ്ദുല്ലാ അൽ അഹ്മർ*

**ആറു** പതിറ്റാണ്ടിലധികം യമൻ രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ശൈഖ് അബ്ദുല്ലാ അൽ അഹ്മർ(74) അന്തരിച്ചു. രിയാദിലെ ഒരു ആശുപത്രിയിൽ വെച്ചായിരുന്നു അന്ത്യം (29.12.2007). യമനിൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ രാഷ്ട്രീയ വേദിയായ 'അത്തജമ്മുഉൽ യമനീ ലിൽ ഇസ്‌ലാഹി'ന്റെ സ്ഥാപക നേതാവും യമൻ പാർലമെന്റ് സ്പീക്കറുമായിരുന്നു. *റജുലുൻ ബി ഉമ്മ* (ഒറ്റയാനിൽ ഒരു ദേശം) എന്നാണ് സ്നേഹപൂർവം ജനം അദ്ദേഹത്തെ വിളിച്ചിരുന്നത്.


മുസ്‌ലിം സ്പെയിനിലെ ഒടുവിലത്തെ ഭരണവംശമായിരുന്ന ബനൂൽ അഹ്മറിൽ എത്തിച്ചേരുന്നു അദ്ദേഹത്തിന്റെ കുടുംബവൃക്ഷത്തിന്റെ വേരുകൾ. യമനിലെ ഏകാധിപതികളായിരുന്ന ഇമാമീ ഭരണകർത്താക്കൾക്കെതിരെയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുത്തത് അദ്ദേഹത്തിന്റെ കുടുംബമായിരുന്നു. അദ്ദേഹത്തിന്റെ പിതാവിനെയും അമ്മാവനെയും ഇമാമികൾ തൂക്കിലേറ്റി. പിന്നീട് പ്രക്ഷോഭത്തിന്റെ നേതൃത്വം ഏറ്റെടുത്തത് കൗമാരം പിന്നിട്ടിട്ടില്ലാത്ത ശൈഖ് അബ്ദുല്ലാ അഹ്മർ. ആ പ്രക്ഷോഭമാണ് 1962-ൽ യമന്റെ വിമോചനത്തിൽ കലാശിച്ചത്. 1964-ൽ അദ്ദേഹം ആഭ്യന്തരമന്ത്രിയായി. യമന്റെ ഭരണഘടന തയാറാക്കിയ ദേശീയ കൺസിലിന്റെ ചെയർമാനും അദ്ദേഹമായിരുന്നു.

ഇപ്പോഴും യമൻരാഷ്ട്രീയത്തെ നിയന്ത്രിക്കുന്നത് ഗോത്ര സംസ്കൃതിയാണ്. യമനിലെ ഏറ്റവും വലിയ ഗോത്രമായ 'ഹാശിദി'ന്റെ അനിഷേധ്യ നേതാവായിരുന്നു അബ്ദുല്ല അൽ അഹ്മർ. ഏതു ഭരണാധികാരിയും പാർലമെന്റ് സ്പീക്കർ പോലുള്ള ഉയർന്ന സ്ഥാനങ്ങൾ അദ്ദേഹത്തിന് നൽകിപ്പോന്നു. ഇരു യമനുകളുടെ ലയനത്തിനും അദ്ദേഹം മുൻകൈയെടുത്തു.

ദക്ഷിണ യമനിൽ വിഘടനവാദ പ്രവണതകൾ ശക്തിപ്പെട്ട സാഹചര്യത്തിലാണ് അദ്ദേഹം ഇഖ്‌വാനുമായി ബന്ധപ്പെടുന്നത്. ഇഖ്‌വാന്റെ നിലപാടുകൾക്ക് മാത്രമേ യമനെ ഒന്നിപ്പിച്ച് നിർത്താനാവൂ എന്ന് അദ്ദേഹം വിശ്വസിച്ചു. അങ്ങനെയാണ് ഇഖ്‌വാൻ രാഷ്ട്രീയ വേദിയായ തജമ്മുഇന്ന് രൂപം കൊടുക്കുന്നത്. മരിക്കുന്നതുവരെയും അതിന്റെ അധ്യക്ഷൻ അദ്ദേഹം തന്നെയായിരുന്നു. യമൻ-സുഊദി അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ 1995-ൽ അബ്ദുല്ലാ അൽ അഹ്മറിന്റെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല സംഘം സുഊദി സന്ദർശിക്കുകയുണ്ടായി. 2000-ൽ ഇരു രാഷ്ട്രങ്ങളും സമാധാന ഉടമ്പടിയിൽ ഒപ്പു വെക്കുകയും ചെയ്തു.

ഇസ്‌ലാമികലോകത്തിന് മഹാനായ ഒരു നേതാവിനെയാണ് നഷ്ടമായതെന്ന് ഇഖ്‌വാനുൽ മുസ്‌ലിമൂൻ കാര്യദർശി മുഹമ്മദ് മഹ്ദി ആകിഫ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഒരു മില്യനിലധികം പേരാണ് സംസ്കാര ചടങ്ങുകൾക്കെത്തിയത്. യമൻ പ്രസിഡന്റ് അബ്ദുല്ലാ സ്വാലിഹ്, ഹമാസ് നേതാവ് ഖാലിദ് മിശ്അൽ എന്നിവർ സന്നിഹിതരായിരുന്നു. ■

# നവയാഥാസ്ഥിതികരുടെ പുതിയ 'ബൈബിൾ'




***ന്യൂയോർക്ക്** ടൈംസി*ന്റെ ബെസ്റ്റ് സെല്ലർ പട്ടികയിൽ ഇടം പിടിച്ച പുസ്തകമാണ് മാർക്ക് സ്റ്റെയ്ൻ എഴുതിയ 'അമേരിക്ക ഒറ്റക്ക്... നാമറിയുന്ന ലോകത്തിന്റെ അന്ത്യം' (America Alone, The End of the world As we know it). പുസ്തകം ചൂടപ്പം പോലെ വിറ്റുപോവുന്നത് രണ്ട് കാരണങ്ങളാലാണ്: ഒന്ന്, അമേരിക്കയിലെ നവയാഥാസ്ഥിതികർ പുസ്തകവിതരണത്തിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നു. ഒരു നിശ്ചിത തീയതി വരെ പുസ്തകം സൗജന്യമായി വിതരണം ചെയ്യുമെന്ന് അവർ അറിയിച്ചിട്ടുണ്ട്. നവയാഥാസ്ഥിതിക പത്രമായ *ഹ്യൂമൻ ഇവന്റ്സി*ൽ ദശകത്തിന്റെ പുസ്തകം എന്ന മട്ടിൽ ഇതിനെക്കുറിച്ച് പൊടിപ്പും തൊങ്ങലും വന്നുകൊണ്ടിരിക്കുന്നു. രണ്ട്, ഇസ്‌ലാമോഫോബിയക്ക് നല്ല മാർക്കറ്റുള്ള കാലമാണിത്. ഇസ്‌ലാം വരുന്നേ എന്ന് പേടിപ്പിക്കുന്ന കൃതിയാണെങ്കിൽ വാങ്ങാൻ ആളുകളുണ്ട്. പറയുന്നത് പച്ചക്കള്ളമായിരുന്നാലും പ്രശ്നമില്ല.


ഈ പുസ്തകത്തിന്റെ കാര്യമെടുക്കാം. യൂറോപ്പിലെ മുസ്‌ലിം ജനസംഖ്യാ വർധനവാണ് പുസ്തകത്തിന്റെ മുഖ്യ പ്രമേയം. യൂറോപ്യൻ നാടുകളിൽ ഇപ്പോൾ മുസ്‌ലിംകളുടെ ഭരണമല്ലേ എന്ന മട്ടിലാണ് ആഖ്യാനം. അമേരിക്കക്കാർക്ക് നൽകുന്ന ഒരു താക്കീത് ഇപ്രകാരമാണ്: 'ഒരുനാൾ നിങ്ങൾ ഉറക്കമുണരുന്നത് മസ്ജിദുകളിൽനിന്ന് ഉയരുന്ന ബാങ്ക് കേട്ടുകൊണ്ടായിരിക്കും. യൂറോപ്യന്മാർക്ക് ഈ ദുരന്തം വന്നുകഴിഞ്ഞു.'

ക്രൈസ്തവതക്കു പകരം ഇസ്‌ലാം വരുമോ? ഈ ചോദ്യം നിങ്ങൾ ഗൗരവമായെടുക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ലോകകാര്യങ്ങളെക്കുറിച്ച് ഒരു പിടിപാടുമില്ല എന്നാണർഥം. നവ

യാഥാസ്ഥിതികതയുടെ മുഖ്യ പ്രചാരകരിലൊരാളായ ഗ്രന്ഥകർത്താവ് ശാസിക്കുന്നു. 'ആത്മവിശ്വാസമുള്ളവർക്കും കൂടുതൽ സന്താനോൽപാദനം നടത്തുന്നവർക്കുമുള്ളതാണ് ഭാവി. ഇസ്ലാമിസ്റ്റുകൾക്ക് ഈ രണ്ട് ഗുണങ്ങളുമുണ്ട്. പാശ്ചാത്യ സമൂഹങ്ങൾ ആർഭാട ജീവിതം നയിച്ച് അലസരും ലക്ഷ്യബോധം നഷ്ടപ്പെട്ടവരുമായിരിക്കുന്നു. അവർക്ക് കുട്ടികളും ജനിക്കുന്നില്ല. വലിയൊരു സാംസ്കാരിക ദുരന്തമാണ് അവരെ കാത്തിരിക്കുന്നത്.'

ഇങ്ങനെ പ്രകോപനപരമായ താരതമ്യങ്ങളാണ് പുസ്തകം നിറയെ. ഇരുപത്തിയൊന്നാം നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പ് മിക്ക യൂറോപ്യൻ രാഷ്ട്രങ്ങളും ഇല്ലാതാവുമെന്നാണ് മാർക്ക് സ്റ്റെയ്ന്റെ പ്രവചനം. അമേരിക്കയും ആസ്ത്രേലിയയും ഒരുപക്ഷേ ബാക്കിയായേക്കാം. 'വാളൂരാതെ തന്നെ യൂറോപ്പ് ഇസ്ലാമിലേക്ക് വരു'മെന്ന ലിബിയൻ പ്രസിഡന്റ് ഗദ്ദാഫിയുടേതെന്ന് പറയപ്പെടുന്ന ഉദ്ധരണിയെ കൂട്ടുപിടിച്ചാണ് ഗ്രന്ഥകാരന്റെ കത്തിക്കയറൽ. പാശ്ചാത്യ നാടുകളിലെ പള്ളികൾ ഭീകരതയുടെ കേന്ദ്രങ്ങളാണെന്ന പല്ലവി ഈ കൃതിയിലും ആവർത്തിക്കപ്പെടുന്നു. നവയാഥാസ്ഥിതികരും സയണിസ്റ്റുകളും പുസ്തകം സൗജന്യമായി വിതരണം ചെയ്തില്ലെങ്കിലേ അത്ഭുതമുള്ളൂ. ■

## ക്രിസ്മസ് ആശംസകൾ കൈമാറാം



**'ജീവിതത്തിലെ** മാറ്റം ഫത്‌വകളിലും പ്രതിഫലിക്കണം'– ഇത് ഡോ. യൂസുഫുൽ ഖറദാവി ഈയിടെ എഴുതിയ ഒരു ലേഖനത്തിന്റെ തലക്കെട്ടാണ്. ജീവിതത്തിന്റെ സാമൂഹികവും രാഷ്ട്രീയവും മറ്റുമായ വശങ്ങൾ കാലത്തിനൊപ്പം നിരന്തരം മാറിക്കൊണ്ടിരിക്കും. ജനങ്ങളുടെ കാഴ്ചപ്പാടുകളിലും ഈ മാറ്റങ്ങൾ ഉണ്ടാകും. ഇതൊന്നും കാണാതെ ആധുനിക പ്രശ്നങ്ങൾക്ക് മതവിധി കണ്ടെത്തുന്നതിനായി മുമ്പെങ്ങോ എഴുതി വെച്ച കിതാബുകളിലേക്ക് മാത്രം തിരിയുന്നവർ ഇസ്ലാമിനും മുസ്ലിംകൾക്കും വലിയ പേരു ദോഷമാണ് വരുത്തിവെക്കുന്നത്. കാലത്തെ മനസ്സിലാക്കാതെ ഇസ്ലാമിനെ വ്യാഖ്യാനിക്കാൻ മുതിർന്നവരാണ് തീവ്രവാദത്തിൽ എത്തിപ്പെട്ടതെന്നും ഖറദാവി സമർഥിക്കുന്നു.

അതിനാൽ പ്രയോഗത്തിലും സംജ്ഞകളിലും ഇടപഴകുന്ന രീതികളിലും മാറ്റങ്ങൾ വേണോ എന്ന് പുനരാലോചിക്കണം. ഇസ്ലാമിക രാഷ്ട്രത്തിലെ അമുസ്ലിം പൗരന്മാരെ ദിമ്മികൾ എന്നാണ് ചരിത്ര ഗ്രന്ഥങ്ങളിൽ വിളിക്കുന്നത്. അമുസ്ലിം സമൂഹങ്ങൾ പൊതുവെ ആ പേര് ഇഷ്ടപ്പെടുന്നില്ല എന്നും എല്ലാവർക്കുമറിയാം. തങ്ങളെ 'പൗരന്മാരായി' കണ്ടാൽ മതിയെന്നാണ് അവരുടെ പക്ഷം. എങ്കിൽ ആ വിളിപ്പേര് ഉപേക്ഷിച്ച് ആ സമൂഹങ്ങളുടെ സ്നേഹവുംഅടുപ്പവും സമ്പാദിക്കുകയല്ലേ നാം വേണ്ടത്? അദ്ദേഹം ചോദിക്കുന്നു.

ആഘോഷങ്ങളിൽ ഇതര സമൂഹങ്ങൾക്ക് ആശംസകൾ കൈമാറുന്നത് തെറ്റോ ശരിയോ എന്ന് നിർണയിക്കുമ്പോഴും ഈ മാറ്റം കണക്കിലെടുക്കണമെന്നാണ് ഖറദാവിയുടെ പക്ഷം. ക്രിസ്ത്യാനികൾക്കും മറ്റും അവരുടെ ആഘോഷവേളകളിൽ ആശംസ കൈമാറാൻ പാടില്ല എന്ന ഇബ്നു തൈമിയ്യയുടെ അഭിപ്രായത്തോട് തനിക്ക് ശക്തമായ വിയോജിപ്പാണുള്ളത്. മുസ്ലിംകളുമായി സൗഹൃദത്തിൽ കഴിയുന്നവരാണെങ്കിൽ അവർക്ക് ക്രിസ്മസ് ആശംസകളും മറ്റും കൈമാറാം. അവർ അയൽക്കാരോ കൂട്ടുകാരോ സഹപാഠികളോ ഒന്നിച്ച് തൊഴിലെടുക്കുന്നവരോ ആണെങ്കിൽ പ്രത്യേകിച്ചും. ഈദവസരങ്ങളിൽ മുസ്ലിംകൾക്ക് അവർ ആശംസകൾ അയക്കുന്നുണ്ടെങ്കിൽ, തിരിച്ചേതായാലും ആശംസിക്കണമെന്ന് 'മാന്യമായി അഭിവാദനം ചെയ്യപ്പെട്ടാൽ അതിലും ഭംഗിയായി അല്ലെങ്കിൽ ചുരുങ്ങിയത് അതുപോലെയെങ്കിലും നിങ്ങൾ പ്രത്യഭിവാദനം ചെയ്യുവിൻ' (*അന്നിസാഅ്* 86) എന്ന ഖുർആൻ സൂക്തം ഉദ്ധരിച്ചുകൊണ്ട് ഖറദാവി എഴുതുന്നു. ■



## ഖുർആൻ ഭാഷ്യം ജാഅത്ത് സൈറ്റിൽ

**മലയാളി** വായനക്കാരിൽ കൂടുതൽ പ്രചാരം നേടിയ ഖുർആൻ പരിഭാഷകളിലൊന്നായ 'ഖുർആൻ ഭാഷ്യം' ജമാഅത്ത് സൈറ്റിൽ ഉൾപ്പെടുത്തി. മൗലാനാ മൗദൂദിയുടെ 'തർജുമയെ ഖുർആൻ' ആണ് മൂലകൃതി. മലയാള പരിഭാഷ ടി.കെ ഉബൈദ്. 'ഖുർആൻ ഭാഷ്യ'ത്തിന്റെ പരിഷ്കരിച്ച പതിനഞ്ചാം പതിപ്പ് ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ് ഈയിടെയാണ് പുറത്തിറക്കിയത്. സൈറ്റിൽ ചേർത്തിരിക്കുന്നത് പരിഷ്കരിച്ച പതിപ്പാണ്. അഭ്യസ്തവിദ്യർക്ക് ഖുർആന്റെ ആശയവും ചൈതന്യവും പകർന്നു നൽകാനാണ് താൻ ഉദ്ദേശിക്കുന്നതെന്നും അതിനാൽ പദാനുപദ തർജമ ഒഴിവാക്കി ആശയ വിവർത്തനമാണ് നടത്തിയിരിക്കുന്നതെന്നും മൗലാനാ മൗദൂദി ആമുഖത്തിൽ എഴുതിയിട്ടുണ്ട്.

ആദ്യ പേജിൽ ഖുർആൻ അധ്യായങ്ങളുടെ പേരുകൾ, അവതരണം (മക്കയിൽ/ മദീനയിൽ), ഖണ്ഡികകളുടെയും സൂക്തങ്ങളുടെയും എണ്ണം എന്നിങ്ങനെ പട്ടിക തിരിച്ചിട്ടുണ്ട്. ക്ലിക്ക് ചെയ്താൽ ഉദ്ദേശിക്കുന്ന അധ്യായത്തിൽ ചെന്നെത്താം. ശൈഖ് സഅ്ദുൽ ഗാമിദിയുടെ ഖിറാഅത്തും (പാരായണം) ഉൾപ്പെടുത്തിയിരിക്കുന്നു.
www.jihkerala.org